# നീരയുടെ വിപണനത്തിന് കരാറായി

ആലുവ: നീര ദാഹശമനിയും നീരയിൽ നിന്നുള്ള തേനും പഞ്ചസാരയും വിപണനം ചെയ്യുന്നതിന് എസ്.സി.എം.എസ്സും കൊല്ലം ആസ്ഥാനമായുള്ള കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡും ഒപ്പുവെച്ചു. ഒരു വർഷമാണ് കരാർ കാലാവധി.

നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ എസ്.സി.എം.എസ്സിന്റെ മേൽനോട്ടത്തിൽ പ്രവർത്തന സജ്ജമായ കളമശ്ശേരിയിലെ നീര പ്ലാന്റിലാണ് ഉത്പാദനം നടക്കുക. എസ്.സി.എം.എസ്. ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. പ്രദീപ് പി. തെവന്നൂരും കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി മാനേജിങ് ഡയറക്ടർ ജയമോഹനും ധാരണാപത്രം കൈമാറി. എസ്.സി.എം.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആൻഡ് ബയോടെക്നോളജിയുടെ നേതൃത്വത്തിലാണ് ഈ രണ്ട് ഉത്പന്നങ്ങളും വികസിപ്പിച്ചെടുത്തത്. എസ്.സി.എം.എസ്. ഗ്രൂപ്പ് ഡയറക്ടർ പ്രൊഫ. പി.സി. പിള്ള, എസ്.സി.എം.എസ്. ഗവേഷണ വിഭാഗം മേധാവി ഡോ. സി. മോഹൻകുമാർ, കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ഷാജഹാൻ എന്നിവർ സന്നിഹിതരായിരുന്നു.



നീര ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ധാരണാപത്രം എസ്.സി.എം.എസ്. ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. പ്രദീപ് പി. തെവന്നൂരും കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി മാനേജിങ് ഡയറക്ടർ ജയമോഹനും കൈമാറുന്നു